പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1731 21/01/2014- ൽ മറുപടിക്ക്

വിദ്യാർത്ഥികൾക്കിടയിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) വിദ്യാർത്ഥികൾക്കിടയിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) ആനിമൽ വെൽഫയർ ക്ലബ്ബ്, സ്കൂൾ അവയർനസ് പ്രോഗ്രാം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| ബി) ഏതെല്ലാം വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പാക്കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | ബി) ആനിമൽ വെൽഫയർ ക്ലബ്ബ് എന്ന പദ്ധതി തിരുവനന്തപുരം, കോട്ടയം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ 4 സ്കൂളുകളിൽ വീതവും, മറ്റു ജില്ലകളിൽ 3 സ്കൂളുകളിൽ വീതവും നടപ്പാക്കും. സ്കൂൾ അവയർനെസ് പ്രോഗ്രാം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 10 സ്കൂളുകളിൽ വീതവും, ബാക്കി 8 ജില്ലകളിൽ 5 സ്കൂളുകളിൽ വീതവും നടപ്പാക്കുന്നതാണ്. സ്കൂളുകൾ ഏതൊക്കെയെന്ന് നിശ്ചയിച്ചിട്ടില്ല. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതിക്ക് ഇതുവരെ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ ? | സി) ആനിമൽ വെൽഫയർ ക്ലബ്ബിന് 25 ലക്ഷം രൂപയും, സ്കൂൾ അവയർനെസ് പ്രോഗ്രാമിന് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ